Mr. V. J. Mathai *(Planters)*: If we raise this question on the floor of this House Cochinites will be suffering elsewhere.

WATCHMAN—M. L. C. QUARTERS, TRICHUR GUEST HOUSE, ETC.—PARTICULARS OF PAY AND ALLOWANCES

5. മിസ്റ്റർ കെ. എസ്സ്". പണിക്കർ: താഴെ എഴുന്ന ചോദ്യങ്ങൾക്കു ഗവമ്മെണ്ടു് ദയവായി മറുപടി പറയുമൊ.—

(എ) തൃശ്ശിവപേരൂർ ഗസ്റ്റ്ഹൌസിലെ വാച്ചുമാൻ ആരാണു്; എത്രകൊല്ലമായി അദ്ദേഹം പ്രസ്തുത ഗസ്റ്റ്ഹൌസിൽ വാച്ചുമാൻ ആയിട്ടു്; അദ്ദേഹത്തിന്റെ ഇപ്പോഴത്തെ ശമ്പളം എന്താണു്;

(ബി) എറണാകുളം എം. എൽ. സി. കാര്യാട്ടേഴ്സിലെ വാച്ചുമാൻ ആരാണു്; എത്രകൊല്ലമായി അദ്ദേഹം എം. എൽ. സി. കാര്യാട്ടേഴ്സിൽ വാച്ചുമാൻ ആയിട്ടു്; അദ്ദേഹത്തിന്റെ ഇപ്പോഴത്തെ ശമ്പളം എന്താണു്?

മിസ്റ്റർ വി. കെ അരവിന്ദാക്ഷമേനോൻ:

(എ) തൃശ്ശിവപേരൂർ ഗസ്റ്റ്ഹൌസിൽ വാച്ചുമാൻ ഇല്ല. അവിടെ ഒരു Maity മാത്രമെയുള്ളൂ. ഇപ്പോഴത്തെ Maity പി. മാധവൻനായർ എന്ന ആളാണു്. ൧൫ കൊല്ലം. ഇപ്പോഴത്തെ ശമ്പളം ൧൫ ക. യാണു്.

(ബി) എറണാകുളം എം. എൽ. സി. കാര്യാട്ടേഴ്സിലെ വാച്ചുമാൻ എം. ഗോവിന്ദമേനോൻ എന്ന ആളാണു്; മൂന്നു കൊല്ലം; ഇപ്പോഴത്തെ ശമ്പളം പത്തുറുപ്പികയാണു് (൧൦ ക.)

6. മിസ്റ്റർ കെ. എസ്സ്". പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവമ്മെണ്ടു് ദയവായി മറുപടി പറയുമൊ.—

(എ) തൃശ്ശിവപേരൂർ ഗസ്റ്റ്ഹൌസ്, എറണാകുളം ട്രാവലേഴ്സ് ബംഗ്ലാവ്, എം. എൽ. സി. കാര്യാട്ടേഴ്സ് എന്നീ സ്ഥാപനങ്ങളിലെ സപ്ലിപ്പർമാർക്കു പ്രതിമാസം ശമ്പളം എന്തു്;

(ബി) ക്ഷാമബത്ത ഇവർക്കു കൊടുത്തുവരുന്നുണ്ടൊ; ഉണ്ടെങ്കിൽ എന്തുവീതം;

(സി) ഇല്ലെങ്കിൽ അതിനുള്ള കാരണമെന്തു്?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ:

(എ) തൃശ്ശിവപേരൂർ ഗസ്റ്റ്ഹൌസിലെ സപ്ലിപ്പർക്കു പ്രതിമാസം ൪ ക. യും എറണാകുളം ട്രാവലേഴ്സ് ബംഗ്ലാവിലേയും എം. എൽ. സി. കാര്യാട്ടേഴ്സിലേയും സപ്ലിപ്പർമാർക്കു പ്രതിമാസം ൫ ക. വീതവും ശമ്പളം ഉണ്ടു്.

(ബി) ഇല്ല.

(സി) ഇവരെ മുഴുവൻ സമയം ജോലി ചെയ്യുന്ന ഉദ്യോഗസ്ഥന്മാരായി പരിഗണിച്ചിട്ടില്ല.

HONORARY SYSTEM—MEDICAL DEPARTMENT

7. മിസ്റ്റർ സി. കെ. നായർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവമ്മെണ്ടു സദയം മറുപടി പറയുമോ.—

(എ) ഇവിടത്തെ വൈദ്യവകുപ്പിൽ ഡോക്ടർമാരെ സംബന്ധിച്ചിടത്തോളമുള്ള ഓണറിസമ്പ്രദായം നടപ്പിലാക്കിയതു് ഏതു കൊല്ലത്തിൽ;

(ബി) അത്തരക്കാരായ എത്രപേരെ അക്കൊല്ലത്തിൽ നിയമിച്ചു;

(സി) ഇന്നു് അവരുടെ എണ്ണമെത്ര;

(ഡി) ഓണററി സമ്പ്രദായം നടപ്പിലാക്കിയ ശേഷം ഇന്നുവരെയായി എത്രപേർ സർവ്വീസിൽനിന്നും പെൻഷൻ പറ്റി പിരിഞ്ഞിട്ടുണ്ടു്;

(ഇ) ഓണററി ഡോക്ടർമാരിൽ എത്രപേരെ ഇതിനകം ശമ്പളമുള്ള ഉദ്യോഗസ്ഥന്മാരായി സ്വീകരിച്ചിട്ടുണ്ടു്;

(എഫ്) ഓണററിസമ്പ്രദായം നടപ്പിലാക്കിയ മൂലം പ്രതിവർഷം എത്ര ഉറുപ്പിക വീതം ഗവമ്മെണ്ടിനു ലാഭമുണ്ടാകുന്നുണ്ടു്?

ഡോക്ടർ ടി. വർഗ്ഗീസ്സ്":

(എ) ൧൯൦൭-ൽ.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ൭ പേരെ.
(സി) ൩൦.
(ഡി) ൯ പേർ.
(ഇ) ൬ ൭ പേരെ (6 permanent and others acting or on probation).

(എഫ്) ഗവമ്മെണ്ടിനു പറയത്തക്ക ലാഭമൊന്നുമില്ലെങ്കിലും കൂടുതൽ ഡോക്ടർമാർ വേണ്ട ചില സ്ഥലങ്ങളിൽ ഓണററി ഡോക്ടർമാർ ഉള്ളതുകൊണ്ടു് ശമ്പളത്തോടുകൂടിയുള്ള പുതിയ നിയമനങ്ങൾ കൂടാതെ കഴിയുന്നുണ്ടു്.

മിസ്റ്റർ സി. കെ. നായർ : ഓണററി സമ്പ്രദായം നടപ്പാക്കിയാൽ ശമ്പളം കൊടുക്കാതെ പണിയെടുക്കുവാനുള്ള ഡോക്ടർമാരെ കിട്ടുമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണോ ഗവമ്മേണ്ടു് ഈ സമ്പ്രദായം തുടങ്ങിയതു്?

ഡോക്ടർ ടി. വർഗ്ഗീസ്സു് : അല്ല.

മിസ്റ്റർ സി. കെ. നായർ : ഓണററി സമ്പ്രദായം തുടങ്ങിയപ്പോൾ ഗവമ്മെണ്ടിൽനിന്നും ഓണററി ഡോക്ടർമാരെ ക്ഷണിക്കയൊ തങ്ങൾ ഓണററിയായി ജോലിയെടുക്കാമെന്നു് അവർ ഗവമ്മെണ്ടിനോടാവശ്യപ്പെട്ടവരികയൊ ഉണ്ടായിട്ടുള്ളതു്? ഒന്നുകിൽ ഗവമ്മെണ്ടു് അവരോടു് അല്ലെങ്കിൽ അവർ ഗവമ്മെണ്ടിനോടു് ആവശ്യപ്പെടണം. ഈ രണ്ടിലൊന്നാകാതെ തരമില്ലല്ലോ.

ഡോക്ടർ ടി. വർഗ്ഗീസ്സു് : സാധാരണയായിട്ടു് അവർ ഇങ്ങോടാവശ്യപ്പെടുകയാണു് ചെയ്യുക.

മിസ്റ്റർ സി. കെ. നായർ : പേരും പെരുമയുമുള്ള ഡോക്ടർമാരുടെ സേവനം പൊതുജനങ്ങൾക്കു ലഭിക്കാനായിട്ടാത്തരക്കാരെ ക്ഷണിക്കാറില്ലെന്നതോന്നുന്നു.

ഡോക്ടർ ടി. വർഗ്ഗീസ്സു് : അവർ ആവശ്യപ്പെട്ടാൽ കൊടുക്കുവാൻ സൌകര്യമുണ്ടെങ്കിൽ കൊടുക്കും. അങ്ങിനെയാണു ചെയ്യുവരുന്നതു്.

മിസ്റ്റർ സി. കെ. നായർ : മെഡിക്കൽ കോളേജിൽനിന്നും പാസായി പുറത്തുവന്ന ശമ്പളത്തോടുകൂടിയുള്ള ഉദ്യോഗം കിട്ടാൻ നിവൃത്തിയില്ലാതെവരുമ്പോൾ തങ്ങൾ ഓണററിയായി ജോലിനോക്കാമെന്നു പറഞ്ഞുവരുന്നവരെ ഓണററിയായിട്ടുവെക്കാറാണു പതിവല്ലേ?

ഡോക്ടർ ടി. വർഗ്ഗീസ്സു് : അതിനു രണ്ടു് കാരണങ്ങളുണ്ടു്. ഒന്നാമതു് ആശുപത്രിയിലെ ആവശ്യത്തിനുവേണ്ടി നിയമിക്കുന്നു. രണ്ടാമതു് അവർക്കു പരിശീലനം സിദ്ധിക്കുവാനായിട്ടു്.

മിസ്റ്റർ സി. കെ. നായർ : ഡോക്ടർമാർക്കു് പരിശീലനം കൊടുക്കലല്ല, ജനങ്ങളുടെ ആരോഗ്യരക്ഷയാണു് നമുക്കു് ആവശ്യമായിട്ടുള്ളതു്. അവരുടെ ആയുസ്സിനെയാണു ഡോക്ടർമാരുടെ കയ്യിൽ കൊടുക്കുന്നതു്. അതുകൊണ്ടു് ഓണററി ഡോക്ടർമാരായി വരുന്നവർ ജനങ്ങളുടെ ആയുസ്സിനെ രക്ഷിക്കുവാൻ പ്രാപ്തിയുള്ളവരാണെന്നു ഗവമ്മെണ്ടിനു ബോദ്ധ്യമുണ്ടെങ്കിൽമാത്രമേ അവരെ ഓണററിയായി നിയമിക്കുവാൻ പാടുള്ളു. എല്ലാ രാജ്യങ്ങളിലും ഈ രീതിയാണു സ്വീകരിച്ചിട്ടുള്ളതു്. പക്ഷെ ഇവിടെ അതല്ല നടക്കുന്നതു്.

Dr. T. Verghese *(Chief Medical Officer)*: The position is this. The honorary system as obtaining in Cochin is very different from that obtaining in western countries. Here the reasons for enlisting the services of these men on an honorary basis are twofold: (1) to utilise their services as assistants in big hospitals and (2) to give them at the same time an opportunity to improve their own knowledge in surgery and medicine. These two points are always considered when making appointments.

മിസ്റ്റർ സി. കെ. നായർ : മെഡിക്കൽ കോളേജിൽനിന്നു പാസ്സായിവരുന്നവർക്കു് പരിശീലനത്തിനുള്ള മാർഗ്ഗമാണു് ഇതെന്നു് ഇവിടെ പറഞ്ഞു.

Dr. T. Verghese *(Chief Medical Officer)*: Certainly. Everywhere they are given training in the hospitals. Where else will they get sufficient training? It is in hospitals I am sure, the Hon'ble member will concede that.

മിസ്റ്റർ സി. കെ. നായർ : അവർക്കു പരിശീലനം നൽകുവാൻ നമ്മുടെ രാജ്യത്തുള്ള ജനങ്ങളുടെ ആയുസ്സിനെ വേണമൊ കൊടുക്കുവാൻ എന്നുമാത്രമെ ഞാൻ ചോദിക്കുന്നുള്ളു.

സാധാരണയായി സർക്കാർ ഉദ്യോഗങ്ങളിൽ വെക്കുന്ന ആളുകൾ ആദ്യം ഡെസ്സാച്ചു് ക്ലാർക്കു്, പിന്നെ ക്ലാർക്കു്, ഹെഡ് ക്ലാർക്കു്, മാനേജർ ഇങ്ങിനെയുള്ള ജോലികളിൽ പ്രമോഷൻ കിട്ടിപോകുന്നതുപോലെയാണൊ ഇവിടേയും ഡോക്ടർമാരുടെനില?

LIBRARY ARCHIVES Kerala Legislative Assembly

Dr. T. Verghese *(Chief Medical Officer)*: Here too men with the requisite qualifications are recruited as Assistant Surgeons. They are not given independent positions until they get sufficient experience. They are to work under more experienced men until they get this experience.

മിസ്റ്റർ സി. കെ. നായർ : അസിസ്റ്റണ്ട് സർജന്റെ ഉദ്യോഗം ചെയ്യുവാൻ ആവശ്യമുള്ള വൈദ്യപരീക്ഷയുള്ള ആളുകളെ മാത്രമാണോ ഓണററി ഡോക്ടർമാരായി എടുക്കാറ് ?

Dr. T. Verghese *(Chief Medical Officer)*: Even Sub-Assistant Surgeons have been recruited.

മിസ്റ്റർ സി. കെ. നായർ : ഓണററി സമ്പ്രദായം പരാജയത്തിൽ കലാശിച്ചിട്ടുണ്ട് എന്നാണെന്റെ ബോധം. അവിടേക്കാണ് ഞാൻ വരുന്നത്.

Dr. T. Verghese *(Chief Medical Officer)*: I don't think it is a failure now.

മിസ്റ്റർ സി. കെ. നായർ : ഓണററിസമ്പ്രദായം പരാജയത്തിൽ കലാശിച്ചിട്ടില്ലെന്നാണോ ഗവൺമെണ്ടിന്റെ ബോധം ?

Dr. T. Verghese *(Chief Medical Officer)*: It is not a failure now.

മിസ്റ്റർ സി. കെ. നായർ : ഓണററിസമ്പ്രദായം പരാജയത്തിൽ കലാശിച്ചിട്ടില്ലെങ്കിൽ അവരിൽനിന്ന് ഓരോരുത്തക്കായിട്ട് ശമ്പളമുള്ള ഉദ്യോഗങ്ങൾ കൊടുക്കുന്നതെന്തിനെന്ന മാത്രമേ ഞാൻ ചോദിക്കുന്നുള്ളു.

Dr. T. Verghese *(Chief Medical Officer)*: When there are vacancies in the permanent cadre some of these men who are competent to occupy these posts are given such posts.

Mr. C. K. Nayar *(Nemmara)*: There are men who are not competent to take up the posts. There are men in the medical service as honorary doctors in your hospitals who may not be given responsible posts.

ഉത്തരവാദിത്വമുള്ള സ്ഥാനങ്ങളിൽ വെക്കുവാൻ പറ്റിയഡോക്ടർമാർ ഉണ്ടാകുമ്പോഴും, അവക്ക് പറ്റിയ സ്ഥാനങ്ങൾ ഒഴിവു വരുമ്പോഴും അവരെ അങ്ങോട്ടെടുക്കുന്നുവെന്നാണ് ഡോക്ടർ പറയുന്നത്. ഞാൻ പറയുന്നത് അങ്ങിനെ സ്ഥാനങ്ങളിൽ ഇരിക്കുവാൻ വേണ്ടിടത്തോളം യോഗ്യതയില്ലാത്ത ഡോക്ടർമാരും ഉണ്ടെന്നാണ്.

ഡോക്ടർ ടി. വർഗ്ഗീസ് : യോഗ്യതയില്ലാത്തവർക്ക് കൊടുക്കുകയില്ല.

മിസ്റ്റർ സി. കെ. നായർ : യോഗ്യതയുള്ളവർക്ക് കൊടുക്കുകയുള്ളൂ, യോഗ്യതയില്ലാത്തവരുണ്ടുതാനും.

ഡോക്ടർ ടി. വർഗ്ഗീസ് : യോഗ്യതയില്ലാത്തവരാണെങ്കിൽ അവർക്ക് പണി കൊടുക്കുകയില്ല.

മിസ്റ്റർ സി. കെ. നായർ : ഓണററി ഡോക്ടർമാരെ എടുക്കുമ്പോൾ അവരുടെ മെഡിക്കൽ പരീക്ഷ മാത്രമേ നോക്കുകയുള്ളുവോ ?

ഡോക്ടർ ടി. വർഗ്ഗീസ് : അത്രേയുള്ളൂ.

മിസ്റ്റർ സി. കെ. നായർ : ശമ്പളമുള്ള ജോലിയിൽ ആളെ വെക്കുമ്പോൾ ഇതേവരെ സീനിയോറിട്ടി മാത്രമേ നോക്കിയിട്ടുള്ളുവോ ?

Dr. T. Verghese *(Chief Medical Officer)*: Not only seniority. Efficiency also is considered

മിസ്റ്റർ കെ. എസ്സ്. പണിക്കർ : സമുദായപ്രാതിനിദ്ധ്യം നോക്കി നിയമനം നടത്തുന്നുണ്ടോ ?

Dr. T. Verghese *(Chief Medical Officer)*: Certainly yes. At the time of the original appointment we look into that. But not in the case of promotions.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : പതിനേഴുപേരെ അപ്പോയിന്റു ചെയ്യുകാണുന്നതിൽ മുന്നിന് ഒരു ഈഴവനെങ്കിലുമുണ്ടോ ?

Dr. T. Verghese *(Chief Medical Officer)*: No. 7, Dr. Sumithra is an Ezhuva.

8. മിസ്റ്റർ സി. കെ. നായർ : താഴെച്ചേർക്കുന്ന ചോദ്യങ്ങൾക്ക് ഗവൺമെണ്ട് സദയം മറുപടി പറയുമോ.—

(എ) ഓണററി ഡാക്ടർമാർക്കല്ലാതെ ചാർജ്ജ് കൊടുക്കവയ്യാത്ത സർക്കാർ ആസ്പത്രികളും ഇന്നാട്ടിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം ?

LIBRARY ARCHIVES Kerala Legislative Assembly

ഡോക്ടർ ടി. വർഗ്ഗീസ്സ് :

(എ) ഇല്ല.

(ബി) ഉത്തരം ആവശ്യമില്ല.

മിസ്റ്റർ സി. കെ. നായർ : എവിടെയെങ്കിലും ഓണററി ഡോക്ടർമാർ മാത്രമുള്ള ഹാസ്പിറ്റൽസുണ്ടോ ?

ഡോക്ടർ ടി. വർഗ്ഗീസ്സ് : നെന്മാറയിലും കൊട്ടങ്ങല്ലൂരിലും ഉണ്ട്.

മിസ്റ്റർ സി. കെ. നായർ : നെന്മാറയിൽ ആരാണ് ?

ഡോക്ടർ ടി. വർഗ്ഗീസ്സ് : നെന്മാറയിൽ പെയിഡ് ഡോക്ടർ മിസ്സ്. എം. പാറുക്കുട്ടിയമ്മയാണ്.

മിസ്റ്റർ സി. കെ. നായർ : ഓണററി ഡോക്ടർമാക്കാണോ ആസ്പത്രി ചാർജ്ജ് ?

Dr. T. Verghese *(Chief Medical Officer)* : One Dr. Chakkunni. He is an Honorary Doctor.

മിസ്റ്റർ സി. കെ. നായർ : എത്ര കൊല്ലമായി തുടങ്ങിയിട്ട് ?

ഡോക്ടർ ടി. വർഗ്ഗീസ്സ് : ഒരു കൊല്ലമായി.

മിസ്റ്റർ സി. കെ. നായർ : അതിനുമുമ്പ് ആക്കായിരുന്നു ചാർജ്ജ് ?

ഡോക്ടർ ടി. വർഗ്ഗീസ്സ് : അതിനുമുമ്പ് നമ്പ്യാരായിരുന്നു.

മിസ്റ്റർ സി. കെ. നായർ : ഓണററി ഡോക്ടർമാരുടെ ചാർജിലല്ലാതെ ഈ ആസ്പത്രികൾ വെച്ചുകൊണ്ടിരിക്കുവാൻ വല്ല തടസ്ഥാവുമുണ്ടോ ?

ഡോക്ടർ ടി. വർഗ്ഗീസ്സ് : തടസ്ഥമൊന്നുമില്ല.

മിസ്റ്റർ സി. കെ. നായർ : എന്നാൽ അങ്ങിനെ ചെയ്യാമോ ?

ഡോക്ടർ ടി. വർഗ്ഗീസ്സ് : അതിന്റെ ആവശ്യമെന്താണ് ?

മിസ്റ്റർ സി. കെ. നായർ : ആവശ്യമുണ്ടെങ്കിൽ മെഡിക്കൽ ഡിപ്പാർട്ട്മെണ്ടിൽനിന്നു വെക്കാമോ ?

ഡോക്ടർ ടി. വർഗ്ഗീസ്സ് : ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

മിസ്റ്റർ സി. കെ. നായർ: ഡോക്ടർമാരുടെ യോഗ്യതയൊ പ്രാപ്തിയൊ മാത്രമല്ല, ജനങ്ങളുടെ കഴിവുകുടിയും ഗവമ്മെണ്ടിന്റെ ശ്രദ്ധയിൽ പെടേണ്ടതാണ്. ഓണററി ഡോക്ടർമാരെ കൊണ്ടുവെച്ചാൽ ശമ്പളം വാങ്ങുന്ന ഡോക്ടർമാർ ഉദ്യോഗത്തിലിരിക്കുന്നതിനെ അപേക്ഷിച്ചു രോഗികൾക്കു ബുദ്ധിമുട്ടു കൂടുതലുണ്ടെന്നാണ് എന്റെ അഭിപ്രായം.

ഡോക്ടർ ടി. വർഗ്ഗീസ്: നോക്കാം.

VELOOR DISPENSARY—CHARGE OF

9. മിസ്റ്റർ സി. കെ. നായർ: താഴെചേർക്കുന്ന ചോദ്യത്തിനു ഗവമ്മെണ്ടു് സഭയം മറുപടി പറയുമോ,—

വേലൂർ ഗ്രാൻറ്-ഇൻ-എയിഡു ഡിസ്പെൻസറി ആരുടെ ചാർജിൽ, എവിടെവെച്ചാണു നടത്തിപ്പോരുന്നതു് ?

ഡോക്ടർ ടി. വർഗ്ഗീസ്സ്: വേലൂർ ഗ്രാൻറ്-ഇൻ-എയിഡു് ഡിസ്പെൻസറി ചാർജായിരുന്ന മെഡിക്കൽ പ്രാക്ടീഷണർ രാജി വെക്കുകയാൽ തൽക്കാലം ആ ഡിസ്പെൻസറി പൂട്ടിയിട്ടിരിക്കുകയാണു്.

മിസ്റ്റർ സി. കെ. നായർ: ഇയാൾ രാജികൊടുത്തിട്ടു എത്രകാലമായി ?

ഡോക്ടർ ടി. വർഗ്ഗീസ്: കുറച്ചുമാസമെ ആയിട്ടുള്ളു. ഇപ്പോൾ അവിടെ വേറെ ഒരാളെ വെക്കുവാനുള്ള ഏർപ്പാടു് ചെയ്യുവരുന്നുണ്ടു്. Some other arrangement is being made now.

മിസ്റ്റർ സി. കെ. നായർ: അങ്ങിനെ ഏർപ്പാടു് ചെയ്യുന്നതെങ്കിൽ അതിനെപ്പറ്റി ചോദിക്കുന്നില്ല. അവിടെ ഒരു ഡോക്ടർ ആവശ്യമാണു്. ഒഴിഞ്ഞുപോയ ആൾക്കു ശേഷം ഇതുവരെ അവിടെ ആരേയും വെച്ചിട്ടില്ല.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ: അപ്പോയിൻറ് ചെയ്യുന്നുണ്ടെന്നു പറഞ്ഞുവല്ലൊ.

മിസ്റ്റർ സി. കെ. നായർ: ഇതുവരെ അവിടെ ഒരാളെ കിട്ടീട്ടില്ല. ഗ്രാൻറ് ഇൻ എയിഡ് ഡിസ്പെൻസറി കൊച്ചീരാജ്യത്തു് തുടങ്ങിയകാലത്തു്, അതിന്റെ ആവശ്യമുണ്ടെന്നു തോന്നുന്ന സ്ഥലങ്ങളിൽ സഹകായ്മനിലയിൽ ഡിസ്പെൻസറി തുടങ്ങീട്ടുള്ള ഡോക്ടർമാർക്കു

LIBRARY ARCHIVES Kerala Legislative Assembly